**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **903** 29-09-2016 -ൽ മറുപടിക്ക്

**പ്രകൃതിക്ഷോഭം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി. ദിവാകരൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സർക്കാർ അധികാരത്തിൽ വന്നശേഷം പ്രകൃതിക്ഷോഭത്തിൽ വീടും കൃഷിയും നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച തെന്ന് വ്യക്തമാക്കുമോ ; | എ) | പ്രകൃതിക്ഷോഭം മൂലം വീടും കൃഷിയും നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്ന സ.ഉ(കൈ)നം.194/2015/ഡി.എം.ഡി തീയതി 20.05.2015, സ.ഉ(കൈ)നം.343/15/ഡി.എം.ഡി തീയതി 20.07.2015 നമ്പർ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നാശനഷ്ടത്തിന്റെ തോത് വിലയിരുത്തിയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും മുൻഗണനാക്രമത്തിൽ ആശ്വാസ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. പ്രസ്തുത ആവശ്യത്തിലേയ്ക്കായി ജില്ലാകളക്ടർമാർ ഫണ്ട് ആവശ്യപ്പെട്ട പ്രകാരവും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും അനുപാതികമായി എല്ലാ ജില്ലാകളക്ടർമാർക്കും ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രകൃതിക്ഷോഭത്തിൽ മരണമടഞ്ഞ വരുടെ കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | ബി) | ഉണ്ട്. പ്രകൃതിക്ഷോഭത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം ആശ്വാസധനസഹായം അനുവദി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി പ്രകൃതിക്ഷോഭത്തിൽ മരണപ്പെട്ട 40 പേരുടെ ആശ്രിതർക്ക് ആകെ 28,10,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ